**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3495** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആശ്രിത സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ആശ്രിത സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർക്ക് എന്തെങ്കിലും വിവേചന അധികാരം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ നൽകാമോ; | (എ) | വിവേചനാധികാരം നിലവിലില്ല. രേഖകൾ പരിശോധിച്ചും, പ്രാദേശികാന്വേഷണം നടത്തിയും, സാക്ഷിമൊഴികൾ രേഖപ്പെടുത്തി അവയുടെ അടിസ്ഥാനത്തിലുമാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥന് അപേക്ഷകന്റെ വിവരങ്ങൾ നൽകുന്ന വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിക്കുന്ന സർക്കുലറുകളോ ഗവൺമെന്റ് ഉത്തരവുകളോ ലഭ്യമാക്കാമോ? | (ബി) | പ്രാദേശികാന്വേഷണ വേളയിൽ പ്രദേശ വാസികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൽ ഐകരൂപ്യമില്ലാതെ വരുമ്പോഴും സംശയിക്കാൻ തക്ക കാരണങ്ങളുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കരുതുമ്പോഴും കൂടുതൽ തെളിവ് എന്ന നിലയിൽ അയൽക്കാരും പ്രായപൂർത്തിയായവരും ബന്ധുക്കളല്ലാത്തവരുമായ ആളുകളിൽ നിന്ന് അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് മൊഴി രേഖപ്പെടുത്തുകയും അപ്രകാരം മൊഴി നൽകുന്ന വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ മൊഴി രേഖപ്പെടുത്തുമ്പോൾ തെറ്റായതോ വ്യാജമായതോ ആയ വിവരം നൽകുന്ന പക്ഷം ആയത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 177-ാം വകുപ്പ് പ്രകാരവും മൊഴിയിൽ കയ്യൊപ്പ് ചേർക്കാൻ മൊഴി നൽകിയ വ്യക്തി വിസമ്മതിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 180-ാം വകുപ്പ് പ്രകാരവും ശിക്ഷാർഹമായ കുറ്റകൃത്യങ്ങളായിരിക്കുമെന്ന് കേരള ലാൻഡ് റവന്യൂ മാന്വൽ വാല്യം VI ലെ ഖണ്ഡിക 215 (3) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ